നം. എ2/1633/2015/റ്റിബിഒ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
പാഠപുസ്തക വിഭാഗം, പത്മവിലാസം, ഫോർട്ട്,
തിരുവനന്തപുരം-23,
തീയതി: 16/10/2015.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം-2015-16 വർഷത്തിൽ പാഠപുസ്തകങ്ങൾ ലഭിച്ചത് ഓൺലൈനിൽ രേഖപ്പെടുത്താത്ത പ്രധാനാധ്യാപകരിൽ നിന്നും വിശദീകരണം ആവശ്യപ്പെടുന്നത് സംബന്ധിച്ച്.

സൂചന :- 1. നം. എ2/1633/14/റ്റിബിഒ തീയതി: 19.8.2015 ആയി പുറപ്പെടുവിച്ച സർക്കുലർ.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 8.10.2015 തീയതിയിലെ ഇതേ നം. കത്ത്.

മേൽ സൂചന കത്തുകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (2) പ്രകാരം വിദ്യാലയങ്ങൾക്ക് ലഭിച്ച പാഠപുസ്തകങ്ങളുടെ വിശദാംശങ്ങൾ സ്കൂളുകളിൽ നിന്ന് www.itschool.gov.in എന്ന വെബ്സൈറ്റിൽ 12.10.2015 നകം രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതും അല്ലാത്ത സ്കൂൾ പ്രധാനാധ്യാപകനെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതാണെന്നും അറിയിച്ചിരുന്നു. എന്നാൽ മേൽ സൈറ്റിലെ സ്റ്റാറ്റസ് പരിശോധിച്ചതിൽ നിന്നും 461 സ്കൂളുകൾ ഇതുവരെയും ഇൻഡന്റ് അപ്ലോഡ് ചെയ്തതായി കാണുന്നില്ല. 2015-16 അധ്യയന വർഷത്തെ പാഠപുസ്തകങ്ങളുടെ ഇൻഡന്റ് രേഖപ്പെടുത്താത്ത, സ്കൂളുകളുടെ ഇന്നത്തെ ലിസ്റ്റ് (ഐ.ടി@സ്കൂളിൽ നിന്നും ശേഖരിച്ചത്) ഇതോടൊപ്പം ഉൾക്കൊള്ളിച്ചിരിക്കുന്നു. ആയതിനാൽ മേൽവിഷയത്തിൽ പ്രസ്തുത സ്കൂളിലെ പ്രധാനാധ്യാപകരിൽനിന്നും വീഴ്ചവരുത്തിയതിന്റെ വിശദീകരണം ലഭ്യമാക്കി അവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടികളുടെ വിവരം മൂന്നുദിവസത്തിനുള്ളിൽ ഈ ആഫീസിൽ വീഴ്ചവരുത്താതെ ലഭ്യമാക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കെതിരെ വിശദീകരണം കൂടാതെ നടപടി എടുക്കുന്നതാണ്.

| ജില്ല | ആകെ സ്കൂളുകൾ | ജില്ലയിൽ എൻട്രി നടത്താത്ത സ്കൂളുകളുടെ എണ്ണം |
|---|---|---|
| തിരുവന്തപുരം | 1000 | 67 |
| കൊല്ലം | 918 | 48 |
| പത്തനംതിട്ട | 739 | 15 |
| ആലപ്പുഴ | 762 | 14 |
| കോട്ടയം | 923 | 6 |

| | | |
|---|---|---|
| ഇടുക്കി | 499 | 33 |
| എറണാകുളം | 1022 | 29 |
| തൃശ്ശൂർ | 1013 | 13 |
| പാലക്കാട് | 1002 | 26 |
| മലപ്പുറം | 1523 | 126 |
| കോഴിക്കോട് | 1250 | 15 |
| വയനാട് | 319 | 1 |
| കണ്ണൂർ | 1291 | 41 |
| കാസർഗോഡ് | 638 | 27 |
| | **12899** | **461** |

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർ